"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്**-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം സാധാരണവിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീചാർജ്ജ് ചെയ്യുന്നതിന് ഒരു വർഷ കാലയളവിലേക്ക് ആവശ്യമായി വരുന്ന തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.173/2022/LSGD തീയതി,തിരുവനന്തപുരം, 23/01/2022

---

പരാമർശം:-
1. 18.11.2021 ലെ സ.ഉ(സാധാ)നം. 2307/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.12.2021-ലെ 2894/D1/2020/SM നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം, സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി Laptop എന്നിവ ലഭ്യമാക്കുന്നതിനും, കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും ഫണ്ട് അനുവദിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഹരിത കർമ്മ സേനയ്ക്ക് സ്മാർട്ട് ഫോൺ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഫോൺ വാങ്ങുന്നതിന് വകയിരുത്തേണ്ട തുക ഉൾപ്പെടുത്തിയിരുന്നില്ല.

2. ഹരിത കർമ്മ സേനാംഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശമ്പളം പറ്റുന്ന ജീവനക്കാരല്ലാത്തതിനാലും, ഔദ്യോഗിക സ്ഥാനങ്ങളിലുള്ളവരല്ലാത്തതിനാലും, ഫോൺ കൈകാര്യം ചെയ്യുന്നതിലെ സുരക്ഷാ പ്രശ്നങ്ങൾ ഉൾപ്പെടെ നിലനിൽക്കുന്ന സാഹചര്യമുള്ളതിനാൽ പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഘടകങ്ങൾ പ്രകാരമുള്ള തുകയോടൊപ്പം ഹരിത കർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീചാർജ്ജ് ചെയ്യുന്നതിനായി പ്രതിമാസം യൂസർ ഒന്നിന് 220 രൂപ (ഒരു തദ്ദേശ സ്ഥാപനത്തിൽ വാർഡിലേക്ക് 2 പേരെയാണ് ഹരിത കർമ്മ സേനാ അംഗമായി നിയോഗിക്കുന്നതെങ്കിൽ അതിൽ പ്രാപ്തരായ ഒരാളെ യൂസർ ആയി പരിഗണിക്കാം) എന്ന കണക്കിൽ ഒരു വർഷ കാലയളവിലേക്ക് ആവശ്യമായി വരുന്ന ആകെ തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള SMS ഘടകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും സർവീസ് ചാർജ്ജിനൊപ്പം കെൽട്രോണിന് അതത് തദ്ദേശ സ്ഥാപനങ്ങൾ കൈമാറേണ്ടതാണെന്നും നിർദ്ദേശം നല്കാവുന്നതാണെന്നും ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനങ്ങൾക്കായി സ്മാർട്ട് ഫോൺ വാങ്ങുന്നതിനു പകരം പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഘടകങ്ങൾ പ്രകാരമുള്ള തുകയോടൊപ്പം ഹരിതകർമ്മ സേനാംഗങ്ങളുടെ വ്യക്തിഗത ഫോണിൽ നെറ്റ് കണക്ഷൻ റീചാർജ്ജ് ചെയ്യുന്നതിനായി പ്രതിമാസം യൂസർ ഒന്നിന് 220(ഇരുനൂറ്റി ഇരുപത് രൂപ മാത്രം) രൂപ (ഒരു തദ്ദേശ സ്ഥാപനത്തിൽ വാർഡിലേക്ക് 2 പേരെയാണ് ഹരിത കർമ്മ സേനാ അംഗമായി നിയോഗിക്കുന്നതെങ്കിൽ അതിൽ പ്രാപ്തരായ ഒരാളെ യൂസർ ആയി പരിഗണിക്കണം) എന്ന കണക്കിൽ ഒരു വർഷ കാലയളവിലേക്ക് ആവശ്യമായി വരുന്ന ആകെ തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിനു തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട്/ പ്ലാൻ ഫണ്ട് /പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് ഇവയിൽ ഏതെങ്കിലും ലഭ്യമായതിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ .
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
പഞ്ചായത്ത്ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ , തിരുവനന്തപുരം.
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെൽട്രോൺ
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന) .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് .
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്.